ഗസ്റ്റ് അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ടെന്നും ഇവരുടെ ജില്ലതിരിച്ചുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളുകളുടെ പേര്, മേൽവിലാസം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 2014-15, 2015-16 അദ്ധ്യായന വർഷങ്ങളിലായി കേരളത്തിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ സർക്കാർ ഉത്തരവ് നമ്പർ 76/2016/G.Edn പ്രകാരം തസ്തിക സൃഷ്ടിക്കാൻ നടപടി പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഹയർ സെക്കണ്ടറി വകുപ്പിൽ എത്ര കോമേഴ്സ് (സീനിയർ/ജൂനിയർ)അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) 24-3-2015, 31-12-2015, 5-2-2016 എന്നീ തീയതികളിലായി പി.എസ്.സി. അഡ്വൈസ് ചെയ്ത കൊമേഴ്സ് സീനിയർ/ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ ജോലിയിൽ പ്രവേശിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിക്കാത്ത എത്ര പേർ ഉണ്ടെന്നും ഈ ഒഴിവുകൾ എല്ലാം പി.എസ്.സി-ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തോയെന്നും വെളിപ്പെടുത്താമോ; റിപ്പോർട്ട് ചെയ്തെങ്കിൽ തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിച്ചതിനുശേഷം റിലീവ്/റിസൈൻ ചെയ്ത എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; 28-9-2015-ൽ പി.എസ്.സി അഡ്വൈസ് ചെയ്ത കോമേഴ്സ് സീനിയർ 4 എൻ.ജെ.ഡി. ഒഴിവുകൾ പ്രകാരം എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചുവെന്നും പ്രസ്തുത അഡ്വൈസ് പ്രകാരം ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർ നിലവിൽ ജൂനിയർ കോമേഴ്സ് അദ്ധ്യാപകരായിരുന്നോയെന്നും വിശദമാക്കാമോ; ഇവർ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും റിലീവ് ചെയ്തതുവഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; എങ്കിൽ തീയതി/ഫയൽ നമ്പർ എന്നിവ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് തുല്യ പരിഗണന**

122(810) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്.എൽ.സി., ടി.എച്ച്. എസ്.എൽ.സി.. വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് അപേക്ഷിക്കുമ്പോൾ തുല്യ പരിഗണന ലഭിക്കുന്നില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ 11 എ പ്ലസ് ലഭിച്ച വിദ്യാർത്ഥി എസ്.എസ്.എൽ.സി.-ക്ക് 8 എ പ്ലസ് കിട്ടിയ വിദ്യാർത്ഥിക്ക് തുല്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(സി) ഹയർ സെക്കണ്ടറി അലോട്ട്മെന്റിൽ ടി.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്ന സ്ഥിതി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഹയർ സെക്കണ്ടറി അലോട്ട്മെന്റിൽ ടി.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്നില്ല. അവർക്ക് അപേക്ഷിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതക്കനുസരിച്ച് പ്രവേശനം ലഭിക്കുന്നുണ്ട്.

**ഹയർ സെക്കന്ററി ഏകജാലക പ്രവേശനം**

123(811) <u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻററി പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് കോഴിക്കോട് ജില്ലയിൽ നിന്ന് ഈ അദ്ധ്യയന വർഷം മൊത്തം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) കൂടാതെ തത്തുല്യമായ മറ്റ് സിലബസുകളിലായി പത്താം ക്ലാസ് യോഗ്യത നേടിയ എത്ര അപേക്ഷകരുണ്ട്;

(ഡി) മൊത്തം അപേക്ഷകരെ ഉൾക്കൊള്ളുന്നതിനായി ജില്ലയിൽ എത്ര ഹയർ സെക്കൻററി സീറ്റുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഇ) ജില്ലയിൽ നിലവിലുള്ള സീറ്റുകൾക്കപ്പുറം അധികമായി വരുന്ന കുട്ടികളുടെ പ്രവേശനത്തിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly